# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: ജി2/6540/16.

ചാക്ക, തിരുവനന്തപുരം
തീയതി: 15.04.2016

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ്- സെമസ്റ്റർ സമ്പ്രദായം-ജനുവരി 2017- വ്യവസായ തൊഴിലാളി വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും പ്രൈവറ്റായി 1-ാം സെമസ്റ്റർ പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്

***************

2017 ജനുവരിയിൽ നടക്കുന്ന ഒന്നാം സെമസ്റ്റർ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ സർക്കാർ/സ്വകാര്യ ഐ.ടി.ഐ.കളിൽ പരിശീലനം നേടാതെ പ്രൈവറ്റായി ട്രേഡ് ടെസ്റ്റ് എഴുതുന്നതിന് താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെടുന്നവരും നിർദ്ദിഷ്ഠ യോഗ്യതകൾ ഉള്ളവരുമായ അപേക്ഷകർ 30-04-2016 **വൈകുന്നേരം 3 മണിക്ക്** മുൻപായി ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഫെബ്രുവരി 2015 ലെ അഖിലേന്ത്യാ ട്രെഡ് ടെസ്റ്റ് മുതൽ പരീക്ഷകളുടെ ഹാൾടിക്കറ്റ് എം.ഐ.എസ് പോർട്ടൽ മുഖേന ഡി.ജി.ഇ.റ്റി തന്നെയാണ് ഓൺലൈൻ മുഖാന്തിരം വിതരണം നടത്തുന്നത്. ആയതിനാലാണ് അപേക്ഷകൾ വളരെ മുമ്പ് തന്നെ സ്വീകരിക്കുന്നത്.

## I. അപേക്ഷകന് വേണ്ട യോഗ്യതകൾ.

1. 1961-ലെ അപ്രന്റീസ് ആക്ട് പ്രകാരം ട്രെയിനിംഗ് നടപ്പാക്കുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള അപേക്ഷകർക്ക് അവർ അപേക്ഷിക്കുന്ന ട്രേഡുമായി ബന്ധപ്പെട്ട ജോലിയിൽ ഏറ്റവും കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.
2. 1961-ലെ അപ്രന്റീസ് ആക്ട് പ്രകാരം അപ്രന്റീസായി പരിശീലനം നേടി അനുവദിച്ചിട്ടുള്ള ആറ് അവസരങ്ങളും വിനിയോഗിച്ചതിനു ശേഷവും പരാജയപ്പെട്ടിട്ടുള്ള അപ്രന്റീസുകൾക്ക് ബന്ധപ്പെട്ട ഐ.ടി.ഐ. ട്രേഡിൽ പ്രൈവറ്റായി ട്രേഡ് ടെസ്റ്റിന് പങ്കെടുക്കാം. ഇത്തരത്തിലുള്ള അപേക്ഷകർ മുൻപ് ഏതെങ്കിലും നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുള്ളവരാകാൻ പാടില്ല.

## II. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. അപേക്ഷിക്കുന്ന ട്രേഡുമായി ബന്ധപ്പെട്ട ജോലിയിൽ തുടർച്ചയായി 3 വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടെന്നുള്ള തൊഴിൽ ഉടമയുടെ കൈയ്യൊപ്പും ഓഫീസ് മുദ്രയോടും കൂടിയ സാക്ഷ്യപത്രം.
2. സ്വയം എഴുതി തയ്യാറാക്കിയ അപേക്ഷകന്റെ കയ്യൊപ്പോടു കൂടിയ തൊഴിൽ സംബന്ധിച്ച വിവരണ റിപ്പോർട്ടിന്മേൽ തൊഴിൽ ഉടമ മേലൊപ്പു ചാർത്തി ഓഫീസ് മുദ്ര പതിപ്പിച്ച് സാക്ഷ്യപ്പെടുത്തിയത്.

3. ജോലിയുടെ സ്വഭാവം, വിവിധ തസ്തികകളിൽ ജോലി ചെയ്തിട്ടുള്ള കാലയളവ്, ടി കാലയളവിലെ വേതന നിരക്ക് എന്നിവ സംബന്ധിച്ചു തൊഴിലുടമയുടെ മേലൊപ്പോടു കൂടിയ പ്രൊഫോർമ (1) പ്രകാരമുള്ള സാക്ഷ്യപത്രം.

## III. പൊതുവായ നിർദ്ദേശങ്ങൾ

1. എൻ.സി.വി.ടി ഓരോ ട്രേഡുകൾക്കും പ്രത്യേകമായ അടിസ്ഥാന യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്. അപേക്ഷിക്കുന്ന ട്രേഡിന് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന യോഗ്യത അപേക്ഷകനുണ്ടായിരിക്കണം. പ്രവേശന യോഗ്യത സംബന്ധിച്ച വിവരം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരിൽ നിന്നും ലഭിക്കുന്നതാണ്. ***www.det.kerala.gov.in*** എന്ന വെബ്സൈറ്റിലും വിവരങ്ങൾ ലഭ്യമാണ്.
2. ജോലിയുമായി ബന്ധപ്പെട്ട കാലയളവു മാത്രമേ പ്രവൃത്തി പരിചയത്തിന് പരിഗണിക്കുകയുള്ളൂ.
3. കെ.എസ്.ഇ.ബി.യിൽ നിന്നുള്ള അപേക്ഷകർക്ക് ലൈൻമാൻ ഗ്രേഡ്-2 തസ്തിക മുതൽ തുടർച്ചയായി 3 വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.
4. അപേക്ഷാ ഫീസായി ആയിരം രൂപ (1000/-) *''0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00 -800-അദർ റസീപ്റ്റ്-88- അദർ ഐറ്റംസ്''* എന്ന ശീർഷകത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കിയതിന്റെ അസ്സൽ ചെലാൻ അപേക്ഷയോടൊപ്പം ഹാജരാക്കണം.
5. ഒരിക്കൽ അടച്ച പരീക്ഷാ ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുകയോ, വേറെ ഏതെങ്കിലും രീതിയിൽ ക്രമീകരിക്കുകയോ ചെയ്യുന്നതല്ല.
6. 1000 മുതൽ 1500 വരെ വാക്കുകൾ ഉൾക്കൊള്ളിച്ചുള്ള പ്രവൃത്തി പരിചയ റിപ്പോർട്ട് സ്വന്തം കൈപ്പടയിൽ എഴുതി വേണം തയ്യാറാക്കാൻ. പ്രിന്റ് ചെയ്തതോ, ഡി.റ്റി.പി. യിൽ തയ്യാറാക്കിയതോ, ടൈപ്പ് ചെയ്തതോ ആയ റിപ്പോർട്ടുകൾ അംഗീകരിക്കുന്നതല്ല.
7. ഒരേ പോലെ എഴുതി തയ്യാറാക്കിയ റിപ്പോർട്ടുകൾ ഉള്ളടക്കം ചെയ്യുന്ന അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.
8. തൊഴിൽ ഉടമയുടെ കയ്യൊപ്പും, ഓഫീസ് മുദ്രയും കൂടാതെയുള്ള സാക്ഷ്യപത്രവും റിപ്പോർട്ടും ഉള്ളടക്കം ചെയ്തിട്ടുള്ള അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.<u>അപേക്ഷയുടെ മൂന്ന് പകർപ്പുകളാണ് സമർപ്പിക്കേണ്ടത്.</u>
9. പ്രാക്ടിക്കൽ പരീക്ഷയിൽ മെഷീനുകളിൽ വർക്ക് ചെയ്യേണ്ടവർ പരീക്ഷയ്ക്ക് മുൻപായി നൂറ് രൂപ (100/-) അതാത് പരീക്ഷാ കേന്ദ്രമായ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരിൽ ജാമ്യ നിക്ഷേപം അടയ്ക്കേണ്ടതാണ്. പ്രാക്ടിക്കൽ പരീക്ഷ കഴിഞ്ഞതിനു ശേഷം ബാദ്ധ്യതയൊന്നുമില്ലായെന്ന് കണ്ടാൽ ടി തുക മടക്കി നൽകുന്നതാണ്.
10. സെമസ്റ്റർ പരീക്ഷകൾ ഒ.എം.ആർ. മാതൃകയിലാണ് ഡി.ജി.ഇ.റ്റി നടത്തി വരുന്നത്. ഒ.എം.ആർ ഷീറ്റുകൾ പ്രിന്റ് ചെയ്യുന്നതിനും ടി ഒ.എം.ആർ ഷീറ്റുകൾ

പരീക്ഷാകേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും പരീക്ഷ കഴിഞ്ഞ ശേഷം ടി ഒ.എം.ആർ ഷീറ്റുകൾ തിരികെ കൊണ്ടുപോയി മൂല്യനിർണ്ണയം നടത്തുന്നതിനും വേണ്ടി വരുന്ന ചെലവുകൾക്കായി ഒരു ട്രെയിനിയിൽ നിന്നും 75/- രൂപ ക്രമത്തിൽ ഫീസായി ഈടാക്കി ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന ഹാൾടിക്കറ്റ് വിതരണത്തിനു മുമ്പ് ഡി.ജി.ഇ.റ്റിക്ക് നൽകണമെന്ന് 13.11.2014 തീയതിയിലെ DGET-19(7)/2014-CD നമ്പർ കത്ത് മുഖേന ഡി.ജി.ഇ.റ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ ഹാൾടിക്കറ്റ് വിതരണത്തിന് മുൻപായി ട്രേഡ് ടെസ്റ്റ് എഴുതുന്നതിനു വേണ്ടി തെരഞ്ഞെടുത്ത പരീക്ഷാർത്ഥികളിൽ നിന്നും 75/- രൂപ വീതം ഒ.എം.ആർ. ഫീസായി ഈടാക്കുന്നതാണെന്ന് അറിയിക്കുന്നു. ടി തുക പരീക്ഷാർത്ഥികളിൽ നിന്നും ശേഖരിക്കുന്നതിനുള്ള നടപടി അതാത് ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ കൈക്കൊള്ളേണ്ടതാണ്. ട്രെയിനികൾ അപേക്ഷ സമർപ്പിച്ച ഐ.ടി.ഐ. യിലാണ് ഒ.എം.ആർ. ഫീസ് അടക്കേണ്ടത്.

11. ഒന്നാം ഘട്ട സൂക്ഷ്മ പരിശോധനകൾ അതാത് നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ നടത്തേണ്ടതാണ്. ഇതിനു വേണ്ടി അപേക്ഷകൻ ജോലി ചെയ്തു വരുന്ന സ്ഥാപനത്തിൽ നേരിട്ട് പോയി പരിശോധിച്ച് ടിയാൻ ആവശ്യപ്പെടുന്ന ട്രേഡിന്റെ ടിയാന്റെ തൊഴിൽ പരിചയം, ടിയാൻ തൊഴിൽ ചെയ്തു വരുന്ന സ്ഥാപനം നോട്ടിഫിക്കേഷൻ പ്രകാരമുള്ളതാണോ എന്നിവ ഉറപ്പാക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വേണം പ്രിൻസിപ്പാൾ അപേക്ഷയിൽ ശുപാർശ രേഖപ്പെടുത്തേണ്ടത്. ഇപ്രകാരം ശുപാർശ ചെയ്യുന്ന അപേക്ഷകന്റെ പൂർണ്ണമായ വിവരങ്ങൾ പ്രത്യേക അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും ഡയറക്ടറേറ്റിൽ നിന്ന് ആവശ്യപ്പെടുന്ന പക്ഷം ടി രജിസ്റ്റർ ഹാജരാക്കേണ്ടതുമാണ്.

12. വിജ്ഞാപന പ്രകാരമുള്ള യോഗ്യത, തൊഴിൽ പരിചയം, അപേക്ഷകന്റെ ഒപ്പ് എന്നിവ ഇല്ലാത്ത അപേക്ഷകൾ, തൊഴിൽ പരിചയ റിപ്പോർട്ടിൽ അപേക്ഷകന്റെ ഒപ്പ്, തൊഴിൽ ഉടമയുടെ ഒപ്പ്, ഓഫീസ് സീൽ എന്നിവ ഇല്ലാത്ത അപേക്ഷകൾ, തൊഴിൽ പരിചയ റിപ്പോർട്ട് സ്വന്തം കൈപ്പടയിൽ തയ്യാറാക്കാത്തതും ഒരു പോലെയുള്ളവയുമായ അപേക്ഷകൾ എന്നിവ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ തന്നെ പരിശോധിച്ച് ഐ.ടി.ഐ. തലത്തിൽ തന്നെ നിരസിക്കേണ്ടതും, നിരസിക്കുന്ന അപേക്ഷയുടെ വിവരം ബന്ധപ്പെട്ട അപേക്ഷകന് രേഖാമൂലം അറിയിക്കേണ്ടതുമാണ്. ശുപാർശ ചെയ്യുന്ന അപേക്ഷകൾ മാത്രമേ ഡയറക്ടറേറ്റിൽ എത്തിക്കാൻ പാടുള്ളൂ. ശുപാർശ ചെയ്യുന്ന അപേക്ഷയുടെ രണ്ട് പകർപ്പുകളാണ് ഡയറക്ടറേറ്റിൽ എത്തിക്കേണ്ടത്. ടി അപേക്ഷയുടെ രണ്ട് പകർപ്പുകളും ഒരുമിച്ച് കെട്ടുകളാക്കി വേണം എത്തിക്കേണ്ടത്. ഇതിൽ വീഴ്ച വരുത്തുന്ന പ്രിൻസിപ്പാൾമാർക്കെതിരെ ഡിപ്പാർട്ട്മെന്റ് തലത്തിൽ കർശന ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

13. പ്രിൻസിപ്പാൾ ശുപാർശ ചെയ്യുന്ന അപേക്ഷകൾ 05-05-2016 **വൈകുന്നേരം 3 മണിക്ക്** മുൻപായി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ പ്രത്യേക ദൂതൻ മുഖാന്തിരം

എത്തിച്ചിരിക്കേണ്ടതാണ്. താമസിച്ച് ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ലായെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

14. വിദ്യാഭ്യാസ യോഗ്യത, ജനനതീയതി എന്നിവ തെളിയിക്കുന്നതിനായി എസ്.എസ്.എൽ.സി.യുടെ ബന്ധപ്പെട്ട പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.
15. ട്രേഡ് ടെസ്റ്റ് നടത്തുന്ന തീയതി, സമയം, പരീക്ഷ കേന്ദ്രം, ഹാൾ ടിക്കറ്റ് വിതരണം തുടങ്ങിയ കാര്യങ്ങൾ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരിൽ നിന്നും അറിയാൻ കഴിയുന്നതാണ്.
16. പൊതു നിർദ്ദേശത്തിൽ പറയുന്ന രേഖകൾ കൂടാതെ ഓരോ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും പ്രത്യേകമായി നിർദ്ദേശിച്ചിരിക്കുന്ന രേഖകൾ ഉണ്ടെങ്കിൽ അവയും അപേക്ഷയോടൊപ്പം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
17. അപേക്ഷ ഫാറത്തിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. *(അപേക്ഷ ഫോറത്തിന്റെ മാതൃക ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഐ.ടി.ഐ.കളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്).*
18. *പരീക്ഷാ കേന്ദ്രം - തിരുവനന്തപുരം.*

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും.

***കുറിപ്പ്:-*** ഡയറക്ടറേറ്റിൽ ശുപാർശ ചെയ്ത് അയക്കുന്ന അപേക്ഷയോടൊപ്പം താഴെ പ്പറയുന്ന രേഖകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ നിർബന്ധമായും ഉറപ്പ് വരുത്തേണ്ടതാണ്.

1. നിർദ്ദിഷ്ഠ മാതൃകയിലുള്ള അപേക്ഷാ ഫാറം.
2. അപേക്ഷിക്കുന്ന ട്രേഡുമായി ബന്ധപ്പെട്ട ജോലിയിൽ മൂന്നു വർഷത്തെ തുടർച്ചയായ പ്രവർത്തി പരിചയം കാണിച്ചു കൊണ്ടുള്ള തൊഴിലുടമയുടെ സർട്ടിഫിക്കറ്റിലും, സ്വയം എഴുതി തയ്യാറാക്കിയ അപേക്ഷകന്റെ ഒപ്പോടു കൂടിയ തൊഴിൽ സംബന്ധമായ വിവരണത്തിലും (അപേക്ഷയിലെ 10-ാം കോളം) തൊഴിലുടമ മേലൊപ്പു ചാർത്തി ഓഫീസ് മുദ്ര പതിപ്പിച്ചിരിക്കണം. സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച സാക്ഷ്യപത്രവും ഉള്ളടക്കം ചെയ്തിരിക്കണം.
3. വിദ്യാഭ്യാസ യോഗ്യത, ജനന തീയതി എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. അപേക്ഷകന്റെ 2 ഫോട്ടോ.
5. എസ്.സി.വി.ടി. വിജയിച്ച് എൻ.സി.വി.ടി. എഴുതുന്ന ട്രെയനികളിൽ നിന്നും ഈടാക്കുന്ന ഒ.എം.ആർ. ഫീസും വ്യവസായ തൊഴിലാളി വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും ഈടാക്കുന്ന ഒ.എം.ആർ. ഫീസും 2017 ഫെബ്രുവരി ആൾ ഇന്ത്യാ ട്രേഡ് ടെസ്റ്റിലെ റെഗുലാർ അപേക്ഷകരുടെ ഒ.എം.ആർ ഫീസിനോടൊപ്പം ഒറ്റ ഡി.ഡി.യാക്കി പരീക്ഷാർത്ഥികളുടെ ലിസ്റ്റു സഹിതം പരീക്ഷാ വിഭാഗത്തിൽ നല്കേണ്ടതാണ്.

എസ്സ്/

## APPLICATION FOR THE ALL INDIA TRADE TEST FOR PRIVATE CANDIDATES January 2017 1st SEMESTER

(Photo)

| | | | |
|---|---|---|---|
| 1. | Name (In Block letters) | : | |
| 2. | Name of Father | : | |
| 3. | Place and date of birth | : | |
| 4. | Address to which communications are to be sent (in block letters) with Pin code, Phone no: and e-mail ID: | : | |
| 5. | Permanent Address | : | |
| 6. | Educational Qualification *(Attested copy to be attached)* | : | |
| 7. | Whether employed *(given full address of Employer)* | : | |
| 8. | Religion & Caste. | | |
| 9. | Whether the Applicant passed for SCVT (attested copy of SCVT certificate to be attached) If yes, the Trade and its Duration | | |
| 10 | Whether the applicant from Establishment covered under Apprentice Act 1961 | : | |
| 11 | Whether the Applicant appeared for Apprentice test under Apprentice Act, 1961 who failed six times in the AIATT *(Furnish the details)* | : | |
| 12. | Nature of Employment | : | Permanent/ Temporary |
| 13. | Name of Trade applied | : | |

Place:

Date:

Signature of the applicant.

# Proforma-I

*(To be submitted by the candidates mentioned in Para A of the Notification duly filled and signed by the Employer concerned).*

Certified that Shri/Smt...................................................... working this establishment as ...............................................................................and drawing a total amount of Rs................ (Rupees....................................... only) per mensem towards salary.

| Sl No | Designation | Service details period | | Pay Drawn particulars |
|---|---|---|---|---|
| | | From | To | |
| 1. | | | | |
| 2. | | | | |
| 3. | | | | |

Place: Signature
Date: (Office Seal) (Name & Designation of Employer)

*Note to Employers:-*

1. The applications need to be recommended and forwarded only if the applicant is a regular employee working on full term basis and has a continuous service of three year in relevant trade for which the employee has to appear for trade test or work in your establishment and performed duties connected with the Trade applied for.
2. The bonafides of statements made will be verified with the concerned authorities before granting permission to appear for the trade test.

*Recommendation of concerned ITI's Principals.*

I do hereby state that the candidate is working in the establishment were Apprenticeship Training Programme is implemented. The documents and the work done report of relevant trade submitted has been verified by me. Hence ***Recommended*** the application for considering to permit for the ensuing trade test conducted in as private candidate.

Place: Signature
Date: (Office Seal) (Name & Designation of Employer)

N.B. Recommendation may be made only if the employee worked in the relevant trade for the minimum 3 years. Without the recommendation of the Principals of ITIs concerned, that application will be rejected.

s/